സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. എസ്.എസ്.എൽ.സി.ക്കു മുകളിൽ പ്രീഡിഗ്രി തോറ്റ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു പദ്ധതി ഈ വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പാക്കാനുദ്ദേശിക്കുന്നു.

17 (2395) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട അഭിഭാഷകർക്കുള്ള സ്റ്റൈപന്റ്

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. എ.കെ. മണി :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കീലന്മാരായി പ്രാക്ടീസ് ചെയ്യുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് എന്തെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് ചെയ്തുവരുന്നത്;

(ബി) ആദ്യകാലത്ത് അവർക്ക് പരിമിതമായ വരുമാനമേ ലഭിക്കുന്നുള്ളൂ എന്നത് പരിഗണിച്ച് ആദ്യത്തെ 5 വർഷങ്ങളിൽ അവർക്ക് സ്റ്റൈപന്റ് നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾ ഈ തൊഴിലിലേക്ക് വരാറില്ലെന്നത് പരിഗണിച്ച് അവരെ ഈ തൊഴിലിൽ പിടിച്ചുനിർത്തത്തക്കവിധം അവർക്ക് പ്രാക്ടീസ് ആരംഭിക്കുന്നതു മുതൽ അഞ്ച് വർഷത്തേക്ക് സ്പെഷ്യൽ ഇൻസെന്റീവ് നൽകുമോ;

(ഡി) ഇപ്പോൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര സ്ത്രീകൾ വക്കീലന്മാരായി പ്രാക്ടീസ് ചെയ്യുന്നുണ്ട്; ആരെല്ലാം?

ഉത്തരം

(എ) 20.10.1997-ലെ ജി.ഒ(എം.എസ്)92/97 പട്ടികജാതി/പട്ടികവർഗ്ഗ വികസനം നമ്പർ സർക്കാർ ഉത്തരവനുസരിച്ച് താഴെ പറയുന്ന ധനസഹായങ്ങൾ നൽകിവരുന്നു. ഒന്നാം വർഷം പ്രതിമാസ സ്റ്റൈപ്പന്റായി 500 രൂപയും വസ്ത്രങ്ങൾക്കായി 1000 രൂപയും പുസ്തകങ്ങൾ വാങ്ങുന്നതിന് 5000 രൂപയും നൽകി വരുന്നു. രണ്ടാം വർഷവും മൂന്നാം വർഷവും മുറിവാടകയായി പ്രതിമാസം 125/-രൂപയും വസ്ത്രങ്ങൾക്കായി പ്രതിവർഷം 1000/-രൂപയും പുസ്തകങ്ങൾ വാങ്ങുന്നതിന് 5000 രൂപയും നൽകി വരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

18 (2396) ഡോ. അംബേദ്കറുടെ പേരിൽ വിദ്യാഭ്യാസ സ്ഥാപനം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly